**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **12-06-2024 - ൽ മറുപടിയ്ക്ക്**

**കൂട് മത്സ്യകൃഷി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ നടപ്പാക്കിവരുന്ന കൂട് മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പ്രധാനമന്ത്രി മത്സ്യസമ്പദയോജന (പി.എം.എം.എസ്.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം 'പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ് I' എന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിലെ ബാണാസുരസാഗർ, കാരാപ്പുഴ, പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ 4 ജലസംഭരണികളിലായി ആകെ 400 മത്സ്യകൂട് (6x4x4M) കൃഷിയ്ക്കായി 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ റിസർവോയറിൽ 90 കേജുകളിൽ (6x4x4M) കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 10.81കോടി രൂപ അടങ്കൽ തുകയുടെ കൂട് മത്സ്യകൃഷി പദ്ധതി നെയ്യാർ, ഇടുക്കി, പീച്ചി റിസർവോയറുകളിലായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അഡാക്ക് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പുരോഗതി ജില്ലാതലത്തിൽ ഫിഷറീസ് ഡയറക്ടറും സംസ്ഥാനതലത്തിൽ സർക്കാരും അവലോകനം നടത്തുന്നുണ്ട്. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | നിലവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ കൂട് മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ ജലസംഭരണികളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | നാല് ജല സംഭരണികളിലായി ആരംഭിച്ച പദ്ധതി 'പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ് II' പദ്ധതി പ്രകാരം നെയ്യാർ, ഇടുക്കി, പീച്ചി ജലസംഭരണികളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ